പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

2021 നവംബർ 03, ബുധൻ

## അടിയന്തര ചോദ്യം

## മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയർന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക

1. ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന കനത്ത മഴ കാരണം അണക്കെട്ടുകളിലേക്ക് ശക്തമായ നീരൊഴുക്കുണ്ടാകുന്നതിനെ തുടർന്ന് മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നത് മൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക സർക്കാർ നിരീക്ഷിക്കുന്നുണ്ടോ ; എങ്കിൽ ഇത് ലഘൂകരിക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കുള്ള ആശങ്കയും ദുരന്ത സമാനമായ സാഹചര്യവും തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും പ്രശ്ന പരിഹാരത്തിനുള്ള അനുരഞ്ജന ശ്രമം നടത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(സി) ആഗോള താപനത്തിന്റെയും രാജ്യത്താകെയും സംസ്ഥാനത്ത് പ്രത്യേകിച്ചും ഉണ്ടായിട്ടുള്ള കാലാവസ്ഥ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും സാഹചര്യത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഔദ്യോഗിക അന്താരാഷ്ട്ര ഏജൻസികളുടെ അഭിപ്രായം ആരായുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
25-10-2021

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.